**23U139** (Pages: 2) Name: ………………………..

Reg. No: …………………….

**FIRST SEMESTER B.Com. PROFESSIONAL DEGREE EXAMINATION, NOV. 2023**

(CBCSS-UG)

(Regular/Supplementary/Improvement)

**CC19U MAL1 A07(2) – മലയാള സാഹിത്യ പഠനം – I**

(Malayalam – Common Course)

(2019 Admission onwards)

Time: Three Hours Maximum: 80 Marks

I. എല്ലാ ചോദ്യങ്ങൾക്കും ഒറ്റ വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. പുലിജന്മം ആരുടെ കൃതിയാണ്?
2. ദക്ഷിണേന്ത്യയിലെ കാശ്മീർ എന്ന് മറ്റ് ദേശക്കാർ വിളിക്കുന്ന സ്ഥലമേത്?
3. ബാല്യ ഏത് കഥയിലെ കഥാപാത്രമാണ്?
4. മന്ദപ്പന്റെ ജീവിതത്തെ ആധാരമാക്കി എൻ. പ്രഭാകരൻ രചിച്ച നോവൽ ?
5. ഓമനത്തിങ്കൾ കിടാവോ .... എന്ന താരാട്ടുപാട്ടിന്റെ കർത്താവാര്?
6. ഈ ഭിക്ഷക്കാരി തള്ളയെകുഴിച്ചിട്ട്, അതിന്റെ എല്ലാ വിശപ്പുകളും ശമിച്ച ദ്രവിച്ച് മണ്ണായി മാറണമെങ്കിൽ എനിക്കിനിയും നൂറ് സിംഹാസനങ്ങൾ വേണം –ആരുടെ വാക്കുകൾ ?
7. ക്ഷോഭിക്കരുത്. അവനെപ്പോലെ സംസ്കാരമില്ലാത്തവനാകാൻ നമുക്ക് കഴിയില്ല. ഇതു പറഞ്ഞത് ആരാണ്?
8. ഏത് ലേഖനസമാഹാരതത്തിലെ ലേഖനമാണ് സ്വർണ്ണമത്സ്യങ്ങൾ ?
9. കേന്ദ്ര –കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച സുകുമാർ അഴീക്കോടിൻറെ കൃതി ഏത്?
10. അദ്വൈത ചിന്തയുടെ ആചാര്യൻ ?

**(10 × ½ = 5 Marks)**

II. എല്ലാ ചോദ്യങ്ങൾക്കും ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക

11. "മിസ്റ്റർ മാണിക്യം .....കത്തികൊണ്ട് നെഞ്ചിൽ കുത്തിയിറക്കുന്നതുപോലെ ഞാൻ പറഞ്ഞു ഇതെന്റെ അമ്മയാ" – ആരുടെ വാക്കുകൾ ? സാഹചര്യം എന്ത്?
12. രാമൻനായർ പക്ഷിനിരീക്ഷകൻ ആകാനുള്ള കാരണമെന്ത്?
13. പത്തായമുത്തശ്ശി –സൂചിതമെന്ത്?
14. ഗോവിന്ദമാരാരെക്കുറിച്ച് സ്വാതിതിരുന്നാൾ പറഞ്ഞത് എന്തായിരുന്നു ?
15. സുധയുമായി അമ്മ ഒരിക്കലും യോജിച്ചുപോയില്ല –കാരണമെന്ത്?

**(5 × 2 = 10 Marks)**

III. നൂറ്റമ്പത് വാക്കിൽ കവിയാതെ ഏതെങ്കിലും 5 ചോദ്യത്തിന് ഉത്തരമെഴുതുക.

16. "ഞാൻ മുറിയിലേക്ക് പോയതും ആദ്യം ചിന്തിച്ചത് ഫാനിൽ കുരുക്കിട്ട് തൂങ്ങിച്ചാവുന്നതിനെപ്പറ്റിയായിരുന്നു. പല തരത്തിൽ പല സ്ഥലങ്ങളിൽ ഞാൻ ആത്മഹത്യ ചെയ്തുകൊണ്ടേയിരുന്നു." സന്ദർഭം വ്യക്തമാക്കുക ?

17. സ്വാതിയുടെ സന്നിധിയിൽ നിൽക്കുമ്പോൾ ലേഖകന്റെ മനസിലൂടെ കടന്നുപോയ ചിന്തകൾ എന്തെല്ലാമായിരുന്നു ?

18. മതകലഹങ്ങൾ വർദ്ധിച്ചുവരുന്നതിന് അഴീക്കോട് നിരത്തുന്ന കാരണങ്ങൾ എന്തെല്ലാം ?

19. കതിവന്നൂർ വീരന്റെ ജീവിതകഥ ചുരുക്കി പ്രതിപാദിക്കുക ?

20. സൗന്ദര്യത്തിന്റെ അധിഷ്ഠാനത്തെ കുറിച്ചുള്ള എം. പി. പോളിന്റെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക ?

21. നിരൂപകർക്കും കവികൾക്കും അധികാരകേന്ദ്രങ്ങളെ സാർത്ഥകമായ വിമർശനത്തിന് വിധേയമാക്കാൻ സാധിക്കുകയില്ല. – എം. എൻ. വിജയന്റെ ഈ അഭിപ്രായത്തിന്റെ സാംഗത്യം പരിശോധിക്കുക ?

22. ഉമാപതി ചെയ്ത രാജ്യദ്രോഹക്കുറ്റങ്ങളെക്കുറിച്ച് ലഘുപന്യാസം തയ്യാറാക്കുക.

**(5 × 5 = 25 Marks)**

IV. മുന്നൂറ് വാക്കിൽ കവിയാതെ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക .

23. മലയാളചെറുകഥയുടെ വികാസചരിത്രങ്ങൾ എഴുതുക ?

24. സംഘർഷങ്ങൾ നിറഞ്ഞ ഒരു കാലഘട്ടത്തെക്കുറിച്ചുള്ള ഓർമകളാണ് എൻ. പ്രഭാകരൻ കുടക് കുറിപ്പുകൾ എന്ന കൃതിയിൽ പങ്കുവെക്കുന്നത് –വിശദമാക്കുക

25. നിലനിൽക്കുന്ന മാതൃസങ്കല്പത്തിന്റെ വ്യതിയാനങ്ങൾ നൂറ്സിംഹാസനങ്ങൾ എന്ന നോവലിൽ ആവിഷ്കൃതമാകുന്നത് എങ്ങനെ ?

26. അയൽ രാജാവ് എന്ന കഥയിൽ ആവിഷ്കൃതമാകുന്ന സാമൂഹിക–രാഷ്ട്രീയ മാനങ്ങൾസാമൂഹിക–രാഷ്ട്രീയ മാനങ്ങൾ ചർച്ചചെയ്യുക ?

27. സ്ത്രീയുടെ വികാരവിചാരങ്ങളെ ധ്വന്യാത്മകമായി ഒരിതൾ എന്ന ചെറുകഥയിൽ കഥാകാരി ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെ ?

28. ആധുനിക കാലഘട്ടത്തിൽ നിരൂപണരംഗം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് സ്വർണ്ണമത്സ്യങ്ങൾ എന്ന ലേഖനത്തെ അടിസ്ഥാനമാക്കി ഉപന്യസിക്കുക

**(4 × 10 = 40 Marks)**

*******